## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 817 25.01.2018-ൽ മറുപടിക്ക്

### പുനരധിവാസ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ബാബു : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ ചെറുനെല്ലി കോളനിക്കാരുടെ പുനരധിവാസ പദ്ധതി ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ; | എ) & ബി) | പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമ പഞ്ചായത്തിൽപ്പെട്ട ചെറുനെല്ലി കോളനിയിൽ 17 കാടർ കുടുംബങ്ങളിലായി 52 പേർ താമസിക്കുന്നു. ചെറുനെല്ലി കോളനി നിവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 25.08.2016-ന് ബഹു. നെന്മാറ എം.എൽ.എ, ജില്ലാ കളക്ടർ, അസിസ്റ്റന്റ് കളക്ടർ, റവന്യൂ ഡിവിഷണൽ ഓഫീസർ, ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, മറ്റു വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥന്മാർ എന്നിവരടങ്ങുന്ന ഒരു സംഘം കോളനി സന്ദർശിക്കുകയും ഇവരുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളെ ചുമതലപ്പെടുത്തുകയുമുണ്ടായി. 2006-ലെ കേന്ദ്ര വനാവകാശ നിയമപ്രകാരം ഇവർ താമസിക്കുന്ന പ്രദേശത്ത് വനാവകാശ നിയമ പ്രകാരമുള്ള അവകാശങ്ങളെല്ലാം നൽകിക്കഴിഞ്ഞശേഷം സമഗ്ര പുനരധിവാസ പദ്ധതി നടപ്പിലാക്കി പുനരധിവസിപ്പിക്കേണ്ടതാണ്. ഇതിനായി എല്ലാവർക്കും വനാവകാശരേഖ നൽകുന്നതിനും ശാസ്ത്രീയ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനും ഇവരുടെ പ്രധാന പ്രശ്നമായ പുനരധിവാസം സംബന്ധിച്ച് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ജില്ലാ കളക്ടർ പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി കോളനി സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്ത കോളനി നിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി. |
| ബി) | ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന ഇവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ